7412
25/6/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്-കാഴ്ച വൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി)വകുപ്പ്

സ.ഉ(ആർ.റ്റി)നം.380/2015/സാ.നീതി.വ തിരുവനന്തപുരം, തീയതി 17.6.2015

പരാമർശം- 1. 21.4.2015 ലെ സാമൂഹ്യനീതി ഡയറക്ടറുടെ H2/12450/15 നമ്പർ കത്ത്
2. 16.5.2015 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്ട്സ്

<u>ഉത്തരവ്</u>

കാഴ്ച വൈകല്യമുള്ളവർക്ക് കുഞ്ഞ് ജനിച്ചാൽ ആദ്യത്തെ രണ്ടു വർഷം പൂർണ്ണമായും മാതാവിന്റെ പരിപാലനവും സംരക്ഷണവും ലഭ്യമാക്കുന്നതിനും കുഞ്ഞിന്റെ സംരക്ഷണത്തിനായി അടിസ്ഥാന സൌകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി കുഞ്ഞിന്റെ അമ്മയ്ക്ക് പ്രതിമാസം 2000/- രൂപ ക്രമത്തിൽ നടപ്പു സാമ്പത്തിക വർഷം 200 പേർക്ക് ധനസഹായം നൽകുന്നതിനായി 48 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പരാമർശം 1 ലെ കത്തു പ്രകാരം സാമൂഹ്യനീതി ഡയറക്ടർ സമർപ്പിച്ചിരിക്കുന്നു.

പരാമർശം 2 പ്രകാരം വർക്കിംഗ് ഗ്രൂപ്പ് യോഗം പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ടി പ്രൊപ്പോസലിന് അംഗീകാരം നൽകി.

ഈ സാഹചര്യത്തിൽ കാഴ്ച വൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതിയ്ക്കായി നടപ്പു സാമ്പത്തിക വർഷം പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയും ഇതിലേയ്ക്ക് 48 ലക്ഷം രൂപ(നാൽപ്പത്തി എട്ട് ലക്ഷം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തിലെ ബജറ്റിലെ 2235-60-200-83(P) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എ.ഷാജഹാൻ
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
സാമൂഹ്യനീതി(എ) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ